**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2019 05-12-2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**പ്രളയധനസഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | പ്രളയധനസഹായം കാര്യക്ഷമവും അഴിമതി രഹിതവുമായി നടപ്പാക്കാനും സഹായം ലഭ്യമാകേണ്ടവർക്ക് മാത്രം ലഭ്യമാക്കാനുള്ള ഫലപ്രദമായ നടപടികൾക്കും അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരെയും വ്യക്തികളെയും സ്ഥാപനങ്ങളെയും കണ്ടെത്തി മാതൃകാ പരമായ ശിക്ഷ ഉറപ്പാക്കാനുമായി സർക്കാർ നടത്തിവരുന്ന പ്രവർത്ത നങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ ; | എ) | ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ CEO-യെയും (ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണ വകുപ്പ് / ADM), CEO-യുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ കളക്ടറേയും സമീപിക്കാവുന്നതാണ്. 10,000/- രൂപ ലഭിച്ച എല്ലാവരുടേയും വിവരം അതാത് ജില്ലകളുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>തദ്ദേശ വകുപ്പ് ഓവർസിയർ / എൻജിനീയർമാർ അംഗീകരിക്കുന്ന വീടിന്റെ കെട്ടിട നഷ്ടത്തിന്റെ (Structural damage) തോത് ഉപരി പരിശോധനയ്ക്ക് ശേഷം അംഗീകരിക്കുന്നത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. വിവര ശേഖരണത്തിൽ തർക്കം ഉണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറേയും സമീപിക്കാവുന്നതാണ്. |
| ബി) | പ്രളയ ദുരിതമനുഭവിച്ചവർക്ക് സർക്കാർ നൽകിയ അടിയന്തര സഹായങ്ങൾ എന്തെല്ലാം; ഇത് അനധികൃതമായും വ്യാജ അപേക്ഷയിന്മേലും എത്ര അനർഹർ വാങ്ങിയതായി കണ്ടെത്തി; ഇതിൽ | ബി) & സി) | ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞവരാണോ അല്ലയോ എന്ന വ്യത്യാസം ഇല്ലാതെ തന്നെ 48 മണിക്കൂറിലധികം വെള്ളം കെട്ടി നിന്ന എല്ലാ കുടുംബങ്ങൾക്കും 10,000/- രൂപ വീതം അനുവദിച്ചു. ദുരിതാശ്വാസ ക്യാമ്പിൽ നിന്നും മടങ്ങുമ്പോൾ 500 രൂപ വില വരുന്ന |

| | | | |
|---|---|---|---|
| | എത്ര പേർ തുക തിരിച്ചടച്ചു; തിരിച്ചടയ്ക്കാത്തവർ എത്ര; പ്രസ്തുത തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർ എത്ര; ഇവരുടെ പേരിൽ എന്ത് നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ ; | | ഭക്ഷ്യവസ്തുക്കളുടെ കിറ്റ് ലഭ്യമാക്കിയിരുന്നു. ഇതിന് പുറമെ ഡിസംബർ 31 വരെ ദുരന്ത ബാധിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾ മാത്രം ഉള്ള കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെ കിറ്റ് നൽകി വരുന്നു. പ്ലാന്റേഷൻ മേഖലയിൽ തൊഴിലുകളിൽ കുറവുണ്ടായത് കണക്കിലെടുത്ത് മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. മുൻഗണനേതര വിഭാഗങ്ങൾക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ചു കിലോ അരി നൽകുവാൻ തീരുമാനിച്ചു.<br>ജീവനോപാധി നഷ്ടപ്പെട്ടവർക്ക് RKLS (Resurgent Kerala Loans Scheme) സഹായപദ്ധതി, കുടുംബശ്രീ മുഖേന ഒരുലക്ഷം രൂപ വരെ വായ്പ ലഭ്യമാക്കുകയുണ്ടായി. ഈ വായ്പയുടെ 9% പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നൽകും. ഇതുവരെ 38,441 പേർക്ക് 308.8 കോടി രൂപ അനുവദിച്ചു.<br>പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സമയ ബന്ധിതമായി, സൗജന്യമായി രേഖകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.<br>ശുചീകരണ പ്രവർത്തനത്തിൽ സമാനതകളില്ലാത്ത പങ്കാളിത്തമാണ് ബഹുജനങ്ങളിൽനിന്നും സംഘടനകളിൽ നിന്നും ഉണ്ടായത്. സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ഇവ പൂർത്തിയാക്കാൻ കഴിഞ്ഞു.<br>വീടുകൾക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ വിവര ശേഖരണം നടത്തി നാശനഷ്ടത്തിന്റെ തോത് കണക്കാക്കി ധനസഹായം അനുവദിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ നടന്നു വരുന്നു. |
| സി) | അനർഹമായി സഹായത്തുക വാങ്ങി നാളിതുവരെ തിരിച്ചടയ്ക്കാത്തവരുടെ പേരിൽ എന്ത് നടപടികൾ സ്വീകരിച്ചു വ്യക്തമാക്കുമോ ? | | |

| | | | |
|---|---|---|---|
| . | | | അനർഹമായി ദുരിതാശ്വാസ സഹായം കൈപ്പറ്റിയവരെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ തലത്തിൽ ശേഖരിച്ച് വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ